**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5215** **04-07-2024 - ൽ മറുപടിയ്ക്ക്**

**റവന്യൂ രേഖകൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ രേഖകൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | റവന്യൂ രേഖകളുടെ ആദ്യതലത്തിലുള്ള ഡിജിറ്റൽവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലേയും അടിസ്ഥാന ഭൂനികുതി രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ എന്നിവയിലെ ലഭ്യമായതും കുറ്റമറ്റതുമായ വിവരങ്ങൾ (Textual Data) ഡിജിറ്റലൈസ് ചെയ്ത് Revenue Land Information System - ReLIS (www.revenue.kerala.gov.in) എന്ന പോർട്ടൽ മുഖേന ലഭ്യമാക്കിയിട്ടുള്ളതും അപ്രകാരം ഡാറ്റബേസ് അടിസ്ഥാനപ്പെടുത്തി ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി, ഓൺലൈൻ തരം മാറ്റം, ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ എന്നിവ നടപ്പിലാക്കിയിട്ടുള്ളതുമാണ്. കൂടാതെ ഭൂവിവരങ്ങൾ സെർച്ച് ചെയ്ത് കാണുന്നതിനായുള്ള സൗകര്യവും ടി പോർട്ടലിൽ ഒരുക്കിയിട്ടുള്ളതുമാണ്.<br><br>റവന്യൂ രേഖകളുടെ അടുത്ത തലത്തിലുള്ള ഡിജിറ്റൈസേഷന്റെ ഭാഗമായി അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവ സ്കാൻ ചെയ്ത് ഡിജിറ്റൽ രേഖകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനവും നടന്നു വരുന്നു. നിലവിൽ 86 വില്ലേജുകളുടെ തണ്ടപ്പേർ രജിസ്റ്റർ (TPR) രേഖകളുടെ സ്കാനിംഗ് പൂർത്തീകരിച്ച് സ്റ്റേറ്റ് ഡാറ്റ സെന്ററിൽ ഹോസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിനായി എത്ര ജീവനക്കാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | റവന്യൂ രേഖകളുടെ ഡിജിറ്റൽവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലേയും അടിസ്ഥാന ഭൂനികുതി രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ എന്നിവയിലെ ലഭ്യമായതും കുറ്റമറ്റതുമായ വിവരങ്ങൾ (Textual Data) ഡിജിറ്റലൈസ് ചെയ്ത് Revenue Land Information System - ReLIS (www.revenue.kerala.gov.in) എന്ന പോർട്ടൽ മുഖേന ലഭ്യമാക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. അതത് തഹസീൽദാർ/ |

| | | | |
|---|---|---|---|
| | | | വില്ലേജ് ഓഫീസർമാർക്കാണ് റവന്യൂ രേഖകൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതിയുടെ ചുമതല പ്രധാനമായും നൽകിയിട്ടുള്ളത്.<br><br>കൂടാതെ, അടുത്ത തലത്തിലുള്ള ഡിജിറ്റൈസേഷന്റെ ഭാഗമായിട്ടുള്ള സ്കാനിംഗ് ആൻഡ് ഡിജിറ്റൽ പ്രിസെർവേഷൻ പ്രവർത്തനങ്ങൾ അടുത്ത രണ്ട് വർഷത്തിനുള്ളിൽ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (സി) | ഡിജിറ്റൈസ് ചെയ്യുന്ന രേഖകളിലുണ്ടാകുന്ന തെറ്റായ ഡാറ്റ തിരുത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | (സി) | റവന്യൂ രേഖകളുടെ ഡിജിറ്റൽവൽക്കരണത്തിന്റെ ഭാഗമായി തെറ്റായി രേഖപ്പെടുത്തിയ ഡാറ്റ തിരുത്തുന്നതിനുള്ള സൗകര്യം നിലവിൽ ReLIS, ഡോക്യുമെന്റ് മാനേജ്മെന്റ് സിസ്റ്റം എന്നിവ മുഖേന ലഭ്യമായിട്ടുള്ളതും പ്രസ്തുത തിരുത്തലുകൾ അതത് തലങ്ങളിലുള്ള റവന്യൂ അധികാരികളുടെ അപ്രൂവലിന് വിധേയമായി നിർവ്വഹിച്ച് വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ